# ഗൾഫ് സലഫികളും
# കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനവും
### (വിമർശനങ്ങൾക്ക് മറുപടി)

ഡോ. കെ. കെ. സകരിയ്യാ സ്വലാഹി

## ഗൾഫ് സലഫീ ബന്ധത്തെ തള്ളിപ്പറയുകയോ?

എം.ഐ. സുല്ലമി എഴുതുന്നു: "ഗൾഫ് സലഫികളുമായി നാം അടുത്തകാലത്താണ് ബന്ധപ്പെട്ടത്. ഗൾഫിൽ എണ്ണപ്പണമുണ്ടാവുകയും ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളുമായി അവർ രംഗത്ത് വരികയും ചെയ്തതുമുതലാണ് അത് ആരംഭിച്ചത്. അങ്ങനെയാണ് നമ്മെക്കുറിച്ച് നാം 'സലഫികൾ' എന്ന് വിശേഷിപ്പിക്കുന്നത് വ്യാപകമായത്. അതിനുമുമ്പ് അവരുമായുള്ള നമ്മുടെ ബന്ധം പരിമിതമായിരുന്നു" (ഗൾഫ് സലഫിസം, പേജ് 29)

1982ൽ ഫറോക്കിൽ വെച്ച് നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തിന് വന്ന അറബികൾ ജമാഅത്തെ ഇസ്‌ലാമിയും ഉമർ മൗലവിയുമായി ഒരു കരാറുണ്ടാക്കിയെന്നും പക്ഷെ, ആ കരാർ അംഗീകരിക്കാൻ നമ്മുടെ പ്രവർത്തകർ തയ്യാറായില്ലെന്നും എം.ഐ. സുല്ലമി തന്റെ 10 പേജുള്ള ലഘുലേഖയിൽ എഴുതുന്നു. തുടർന്ന് അദ്ദേഹം എഴുതുന്നു: "ആ തീരുമാനം എത്ര കോടികളാണ് നാം വലിച്ചെറിഞ്ഞതെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. പിന്നീട് നാം ഗൾഫ് നാടുകളുമായും സംഘടനകളുമായും ബന്ധപ്പെട്ടു. പല സംഘടനകളും വ്യക്തി കളും നമ്മെ സഹായിച്ചു. ഓലയും ഓടും മേഞ്ഞ പള്ളികളും മദ്രസകളും കോളേജുകളും കോൺക്രീറ്റ് സൗധങ്ങളായി."

ഈയടുത്തകാലത്ത് (1980കൾക്കുശേഷം) മാത്രമാണ് കേരളത്തിലെ സലഫീ നേതാക്കൾ ഗൾഫി ലെ സലഫികളുമായി ബന്ധപ്പെട്ടതെന്നും അതിനുശേഷമാണ് അവരുടെ ആശയങ്ങളുമായി നാം പരിചയപ്പെട്ടത് എന്നുമുള്ള എം.ഐ. സുല്ലമിയുടെ ഈ കണ്ടുപിടിത്തം വസ്തുതാപരമായി ഒട്ടും ശരിയല്ല. കാരണം ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാവായയിരുന്ന കെ.എം. മൗലവി സാഹിബിനുപോലും സഊദി അറേബ്യയുമായി ഗാഢമായ ബന്ധം ഉണ്ടായിരുന്നുവെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. കെ.കെ. മുഹമ്മദ് അബ്ദുൽ കരീം രചിച്ച കെ.എം. മൗലവി സാഹിബ് എന്ന കൃതിയിൽ 1959ൽ കെ.എം. മൗലവി സഊദ് രാജാവിന് നൽകിയ ചരിത്രപ്രസിദ്ധമായ നിവേദനത്തിന്റെ പരി ഭാഷ എടുത്തചേർത്തിട്ടുണ്ട്. ഒരു ഉദാഹരണത്തിന് അതുമാത്രം തൽക്കാലം ഉദ്ധരിക്കാം. 1957ൽ കെ.എം. മൗലവി സാഹിബ് അഞ്ചാമത്തെ ഹജ്ജിന് പോയി. മൂന്നു വർഷം രിയാദിലും

മദീനയിലുമായി താമസിച്ചു. 1959ലാണ് ആറാമത്തേതും അവസാനത്തേതുമായ ഹജ്ജ് ചെയ്തത്. അക്കാലത്താണ് മേൽപറഞ്ഞ നിവേദനം സമർപ്പിച്ചത്. അതിലെ പ്രസക്തമായ ചില ഭാഗങ്ങളാണ് ചുവടെ ചേർക്കുന്നത്.

"... സുരക്ഷിതനായ രാജാവവർകളേ! (അല്ലാഹു താങ്കളെയും നമ്മെയും കാക്കട്ടെ) ഏകദേശം മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പു തന്നെ സലഫി വിശ്വാസം സ്വന്തമാക്കിയ അങ്ങയുടെ സഹോദരൻമാരായ മലബാർ മുസ്‌ലിംകളുടെ അഥവാ ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്നായ കേരള മുസ്‌ലിംകളുടെ ഗണത്തിൽപെട്ട ഒരു സഹോദരനാണീ കുറിപ്പുകാരൻ. അങ്ങയുടെ പിതാവ് ഹിജാസ് പിടിച്ചടക്കിയ അന്നുമുതൽതന്നെ ഹറമിലും പരിസരപ്രദേശങ്ങളിലും "ഇസ്‌ലാമിക ശരീഅത്തിനനുസൃതമായല്ലാതെ ഇവിടെ ഭരണമില്ല" എന്ന് പ്രഖ്യാപിക്കുന്ന ഒരു ഭരണകൂടം നിലനിർത്തിയതിൽ അല്ലാഹുവിനോട് നന്ദിയുള്ളവരും അവനെ സ്തുതിക്കുന്നവരുമായിരുന്നു ഞങ്ങൾ...... അന്നുമുതൽ അല്ലാഹുവെ സ്തുതിച്ചുകൊണ്ട് നന്ദിപൂർവ്വം ഞങ്ങൾ പറയാറുണ്ടായിരുന്നു; ഇനി വല്ല അന്യമതസ്ഥരും നിങ്ങൾ പ്രബോധനം ചെയ്യുന്ന ഇസ്‌ലാമിക ശരീഅത്തനുസരിച്ചുള്ള ഭരണം എവിടെ നടക്കുന്നുവെന്ന് ചോദിച്ചാൽ നമുക്ക് ധൈര്യമായിപ്പറയാം: "പോകൂ സഊദി അറേബ്യയിൽ, ഇസ്‌ലാമിക ശരീഅത്തനുസരിച്ചുള്ള ഭരണം നിന്റെ ശിരോനേത്രദ്വയങ്ങൾകൊണ്ടു തന്നെ നിനക്കവിടെ കാണാം" എന്ന്... വന്ദ്യനായ താങ്കളുടെ പിതാവിന്റെ ഒരു മാന്യനായ സ്നേഹിതൻ ഞങ്ങളുടെ നാട്ടിൽവരുമ്പോൾ ഞാൻ അദ്ദേഹത്തെ സന്ദർശിക്കുകയും മുസ്‌ലിം ലോകത്തെ കാര്യങ്ങൾ പരസ്പരം ചർച്ച ചെയ്യുകയും ചെയ്യാറുണ്ടായിരുന്നു." (കെ. എം. മൗലവി പേജ് 199-203)

അബ്ദുൽ അസീസ് രാജാവിന്റെ കാലം മുതൽക്കുതന്നെ നമുക്ക് സഊദി അറേബ്യയുമായി ബന്ധമുണ്ടായിരുന്നുവെന്നും അവരുടെ ആശയ ആദർശങ്ങളെക്കുറിച്ച് പഴയകാല സലഫീ നേതാക്കൾക്ക് അറിവുണ്ടായിരുന്നുവെന്നും ഈ നിവേദനം തെളിയിക്കുന്നു. മാത്രമല്ല, 'സലഫി' എന്ന പ്രയോഗം 1959ൽ തന്നെ കെ.എം. മൗലവിയെപ്പോലുള്ളവർ ഉപയോഗിച്ചിരുന്നുവെന്നും ഈ ഉദ്ധരണിയിലുണ്ട്. സഊദി അറേബ്യയിൽ നടക്കുന്ന ഇസ്‌ലാമിക വിരുദ്ധമായ ചില കാര്യങ്ങളെ ഭരണയന്ത്രമുപയോഗിച്ച് തടയണമെന്നും കെ.എം. മൗലവി ഈ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ സമ്മേളനങ്ങൾക്ക് നാം മക്കാ ഇമാമിനെയും സഊദിയിലും മറ്റുമുള്ള ഭരണ നേതൃതലങ്ങളിലുള്ളവരെയും കൂട്ടിക്കൊണ്ടുവരുന്നതും അവരോട് കേരളത്തിലെ സലഫീ സ്ഥാപനങ്ങൾക്കും മറ്റും സാമ്പത്തിക സഹായം ചോദിക്കുന്നതും. ആദർശ സുഹൃത്തുക്കൾ തമ്മിലുള്ള ആത്മബന്ധമായിരുന്നു നാം അറേബ്യയിലെ സലഫീ പണ്ഡിതൻമാരോട് എക്കാലത്തും വെച്ചുപുലർത്തിയിരുന്നത്. അവരുടെ റിയാലുകൾ കിട്ടാനുള്ള താൽക്കാലികമായ അടവ് നയമായിരുന്നുവോ 'നമ്മളും നിങ്ങളെപോലെ സലഫികൾ തന്നെ' എന്ന് അറബികളോട് നാം പറഞ്ഞത്? ഈ എം.ഐ. സുല്ലമിതന്നെ സലഫീ സ്ഥാപനങ്ങൾക്ക് സഊദി അറേബ്യയിലെ സലഫികളിൽനിന്ന് 'സലഫീ ആദർശക്കാരെ സഹായിക്കണം' എന്ന് അപേക്ഷക്കൊടുത്ത് പണം വാങ്ങി പോന്നിട്ടില്ലേ? എന്തിനധികം എം.ഐ. തന്നെ പതിനഞ്ച് വർഷത്തോളം സലഫി ആദർശക്കാരൻ എന്ന ലേബലിലല്ലേ സഊദിയിൽ ജോലി ചെയ്ത് പണം വാങ്ങിയിരുന്നത്? ഞങ്ങളും നിങ്ങളും തമ്മിൽ യാതൊരു ആദർശ ബന്ധവുമില്ലെന്ന് എം.ഐ. അക്കാലത്ത് അറബികളോട് തുറന്ന് പറഞ്ഞിരുന്നോ? അതോ റിയാല് കിട്ടാൻവേണ്ടി ഒന്നരപതിറ്റാണ്ട് സലഫിവേഷം കെട്ടി അഭിനയിക്കുകയായിരുന്നോ?

## സാധാരണ തെളിവുകൾ

സഊദി അറേബ്യയിലെ സലഫികളുമായി നമുക്ക് ആശയപ്പൊരുത്തവും ആദർശബന്ധവുമുണ്ട് എന്നതിന് സാധാരണക്കാർക്ക് പോലുമറിയുന്ന ചില സംഗതികൾ പറയാം.

സഊദിയിലെ മിക്ക ജാലിയാത്തുകളും (പ്രബോധനകേന്ദ്രങ്ങളും) കെ.എൻ.എം.ൻെറ പല മലയാള പുസ്തകങ്ങളും അച്ചടിച്ച് വിതരണം ചെയ്യുന്നു. (കെ.എൻ.എം. എന്ന പേര് ഒഴിവാക്കാതെത്തന്നെ) ഉദാ:- കെ.പി. മുഹമ്മദ് മൗലവിയുടെ 'അൽഇസ്തിഗാസ' എന്ന പുസ്തകം. ഇതെല്ലാം വായിക്കുന്ന സാധാരണ മലയാളി എന്ത് ധരിക്കും? സഊദിയിലെ സലഫികളും കേരളത്തിലെ മുജാഹിദുകളും ആശയപരമായി യോജിപ്പുണ്ട് എന്നല്ലേ? അങ്ങിനെ നാം സഊദികളെ ബോധ്യപ്പെടുത്തിയതുകൊണ്ടാണല്ലോ അവർ ഈ പുസ്തകങ്ങൾ അവരുടെ ചെലവിൽ പ്രസിദ്ധീകരിക്കുന്നത്.

മാത്രമല്ല, 'മജ്മഉൽ മലിക്ഫഹ്ദ്' മലയാളികളായ ഹാജിമാർക്കും മറ്റു മലയാളികൾക്കും വേണ്ടി പ്രസിദ്ധീകരിക്കുന്ന ഖുർആൻെറ മലയാള പരിഭാഷ ചെറിയമുണ്ടം അബ്ദുൽഹമീദ് മദനിയും കുഞ്ഞുമുഹമ്മദ് പറപ്പൂരും എഴുതിയ മുജാഹിദ് പരിഭാഷയാണ്. കെ.എൻ.എം.ൻെറ മുൻ ജ. സെക്രട്ടറി കെ.പി. മുഹമ്മദ് മൗലവി പരിശോധിച്ച പ്രസ്തുത പരിഭാഷയാണ് കേരളത്തിലെ എല്ലാ വിഭാഗം ഹാജിമാർക്കും സഊദി രാജാവിൻെറ വക ഹദ്യ (പാരിതോഷികം) ആയി നല്കപ്പെടാറുള്ളത്. സഊദി അറേബ്യയിലെ പണ്ഡിത സമിതിയുടെയും രാജാവിൻെറ അംഗീകാരം നമ്മുടെ ഖുർആൻ പരിഭാഷ നേടിയത് നാം തമ്മിലുള്ള ആശയപ്പൊരുത്തം കൊണ്ടാണെന്ന് സാധാരണക്കാർക്ക് പോലുമറിയാം. ലളിതമായ ഇത്തരം യാഥാർത്ഥ്യങ്ങൾക്ക് നേരെ പോലും എം.ഐ. സുല്ലമി കണ്ണടക്കുന്നത് ആരെ പ്രീതിപ്പെടുത്താനാണ്?